**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2047** **11-10-2021 - ൽ മറുപടിയ്ക്ക്**

## കാരുണ്യ ബെനവലന്റ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഐ ബി സതീഷ്** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കാരുണ്യ ബെനവലന്റ് പദ്ധതിയിലൂടെ ചികിത്സാ സഹായം ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടികളും വിശദമാക്കാമോ; | (എ) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടാത്തവരും 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള എല്ലാവർക്കും APL, BPL വ്യത്യാസമില്ലാതെ കാരുണ്യ ബെനവലന്റ് പദ്ധതിയിലൂടെ ഒറ്റത്തവണത്തേയ്ക്ക് 2 ലക്ഷം രൂപയുടെ സൗജന്യ ചികിത്സ ലഭ്യമാകുന്നതാണ്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ എംപാനൽ ചെയ്തിട്ടുള്ള എല്ലാ ആശുപത്രികളിൽ നിന്നും കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെ സേവനവും ലഭ്യമാകുന്നതാണ്. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി എംപാനൽ ചെയ്ത ആശുപത്രികളിലെ KASP കിയോസ്കിൽ/കൗണ്ടറിൽ ബന്ധപ്പെടണം റേഷൻ കാർഡ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പും അസ്സലും കൗണ്ടറിൽ സമർപ്പിക്കുന്ന മുറക്ക് KBF കാർഡ് ലഭ്യമാകുന്നതാണ്. ഈ കാർഡ് ഉപയോഗിച്ച് സൗജന്യ ചികിത്സ ലഭ്യമാകുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ ലഭ്യമാക്കാൻ കഴിയുന്ന പരമാവധി ധന സഹായം എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) | കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ഒരു അപേക്ഷകന് ഒറ്റതവണത്തേക്ക് പരമാവധി ലഭിക്കാവുന്ന ചികിത്സ ധനസഹായം 2 ലക്ഷം രൂപയാണ്. വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് 3 ലക്ഷം രൂപ വരെ ലഭിക്കുന്നതാണ്. |
| (സി) | എത്ര ദിവസത്തിനകം സഹായം ലഭ്യമാക്കാനാകും; വിശദാംശങ്ങൾ നൽകാമോ? | (സി) | അർഹതപ്പെട്ട കുടുബങ്ങൾക്ക് ആവശ്യമായ രേഖകൾ പരിശോധിച്ച് അപേക്ഷ നൽകിയ ദിവസം തന്നെ KBF കാർഡ് ലഭ്യമാക്കുന്നുണ്ട്. കാർഡ് ലഭ്യമാകുന്ന മുറയ്ക്ക് സൗജന്യ ചികിത്സ ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ